# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3961 27.06.2012-ൽ മറുപടിയ്ക്ക്

## പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനം

**ചോദ്യം**

ശ്രീ. കെ.വി. വിജയദാസ്:

**ഉത്തരം**

ശ്രീ. എ. പി. അനിൽകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്നത് ബഹു. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രിക്ക് 27.06.2012-ൽ മറുപടിയ്ക്കായി )

| | | | |
|---|---|---|---|
| എ | പാലക്കാട് മെഡിക്കൽ കോളേജ് പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലാണോ വിഭാവനം ചെയ്യുന്നതെന്ന് വിവരിക്കുമോ; | എ | പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന സൊസൈറ്റിയുടെ നിയന്ത്രണത്തിൻ കീഴിലാക്കുവാനാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. |
| ബി | ആയതിന്റെ ഇപ്പോഴത്തെ നിർമ്മാണ പ്രവർത്തന പുരോഗതി പറയാമോ; | ബി | നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| സി | എത്ര കാലത്തിനുള്ളിൽ ഉദ്ഘാടനം നിർവ്വഹിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | സി | 2013-14 അദ്ധ്യയന വർഷത്തിൽ ക്ലാസുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി | പ്രസ്തുത മെഡിക്കൽ കോളേജ് എവിടെയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | ഡി | പാലക്കാട് ജില്ലയിലാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. 26.05.2012 ലെ സ.ഉ. (കൈ) നമ്പർ: 72/2012/പജപവവിവ. പ്രകാരം മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ | എത്ര ഏക്കർ സ്ഥലമാണ് ഇതിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഇ | പാലക്കാട് ജില്ലയിൽ ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസിനുവേണ്ടി പൊന്നും വിലക്കെടുത്ത് ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്ന 72.77 ഏക്കർ സ്ഥലത്ത് നിന്നും മെഡിക്കൽ കോളേജിന് ആവശ്യമായി വരുന്ന ഭൂമി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ